കഥ

# പൊരിച്ച നഞ്ഞ്

രാമകൃഷ്ണൻ എന്റെ സഹോദരീപുത്രനാണ്. എന്നിട്ടും അയാൾ എന്നെ ഏട്ടൻ എന്നു വിളിച്ചുവന്നു. ഞങ്ങൾ തമ്മിൽ ആറേഴു വയസ്സിന്റെ വ്യത്യാസമേയുള്ളൂ. 'അമ്മാമാ' എന്നു വിളിക്കുമ്പോൾ ഒരു വലിയ ആളെയാണെന്നു തോന്നില്ലെ? അതുകൊണ്ടാണ് എന്റെ ഉചിതജ്ഞകളായ സഹോദരിമാർ അവനേക്കൊണ്ട് എന്നെ 'ഏട്ടാ' എന്ന് വിളിപ്പിച്ചു തുടങ്ങിയത്. അമ്മയുടെ ഒടുവിലത്തെ മകനായ എനിക്കാവട്ടെ അനുജനില്ലാത്ത കുറവ് അങ്ങനെ പരിഹരിച്ചു കിട്ടുകയും ചെയ്തു.

ആദ്യമെല്ലാം അയാൾ എനിക്ക് ഒരനുജനേക്കാളധികം ഒരു നല്ല കളിക്കോപ്പായിരുന്നു. അയാൾ മലർന്നു കളിക്കുമ്പോൾ അടുത്തിരുന്നു ചിരിപ്പിക്കാൻ, കമിഴ്ന്നു കരയാൻ തുടങ്ങിയാൽ, എടുക്കാൻ അമ്മമാരെ പ്രേരിപ്പിച്ച് സ്വൈരംകെടുത്താൻ, ഇരുന്നു കളിക്കാൻ തുടങ്ങിയപ്പോൾ അവന്നുവേണ്ടി തോട്ടത്തിലുള്ള പൂക്കളും ചെടിക്കമ്പുകളും കൊണ്ടുവന്നുകൊടുത്ത് സന്തോഷിപ്പിക്കാൻ, മെല്ലെ മെല്ലെ പിച്ച നടന്നു തുടങ്ങിയപ്പോൾ ആ കുഞ്ഞിക്കയ്യ് പിടിച്ചു നടത്തിക്കാൻ, മുട്ടുകുത്തിനടന്ന് ആന കളിക്കാൻ, ഇങ്ങനെ അവനെ സംബന്ധിച്ച എല്ലാറ്റിനും ഞാനങ്ങിനെ ഒരുമ്പെട്ടുകൂടി. കളിപ്പിക്കാനും ചിരിപ്പിക്കാനും മാത്രമല്ല, ശുണ്ഠിപിടിപ്പിക്കാനും കരയിക്കാനും ഞാൻ അത്യുത്സാഹം കാണിച്ചിരുന്നു. എന്നെ പിച്ചിയും മാന്തിയും തലമുടി പിടിച്ചു വലിച്ചും പല്ലങ്കുരിക്കുന്ന തൊണ്ണുകൊണ്ട് ഇക്കിളിപ്പെടുമാറ് കടിച്ചും അയാൾ ദേഷ്യം കാണിക്കുമ്പോൾ ഞാൻ ശ്വാസംമുട്ടിച്ചിരിച്ചു. ആ രസം ഒടുവിൽ കുഞ്ഞുചുണ്ടുപിളുത്തിക്കരഞ്ഞ് എല്ലാ ഓമനത്തവും ഒന്നിച്ച് മുഖത്ത് ആവിഷ്കരിക്കുമ്പോഴേ പരമകോടിയിലെത്തിനിൽക്കാറുള്ളു. കുട്ടിയെ കരയിപ്പിച്ചതിന് ജേഷ്ഠത്തിമാരോട് മുറയ്ക്കു ശകാരവും വാങ്ങി ഞാൻ സംതൃപ്തിയടഞ്ഞുവന്നു. അയാൾ മുറ്റത്തിറങ്ങി കളിച്ചു തുടങ്ങിയപ്പോൾ എനിക്ക് ഒരു സ്നേഹിതനേയും ആരാധകനേയും കിട്ടി. കൊച്ചുമരങ്ങളുടെ താണ കവരങ്ങളിൽ പൊത്തിപ്പിടിച്ചു കയറാനും താഴേയ്ക്കു ചാടാനും കഴിഞ്ഞിരുന്ന എന്നെ അയാൾ വിടർന്ന കണ്ണാൽ നോക്കിനിൽക്കുമ്പോൾ, കരഘോഷം മുഴക്കുന്ന ഒരു കൂട്ടം കാണികളുടെ മുമ്പിൽവെച്ച് ഒരു മികച്ച അഭ്യാസം കാണിച്ച് കമ്പത്തിന്മേൽനിന്ന് കൂസലറ്റ് ഇറങ്ങിപ്പോകുന്ന ഒരു സർക്കസ്സുകാരന്റെ ഡംഭം എനിക്കുണ്ടായിരുന്നു. മുറ്റത്തും തോട്ടത്തിലും പറമ്പിലും പാടത്തുമായി ഞങ്ങളങ്ങിനെ കാടുകാട്ടി നടന്നു. അയാൾക്ക് എന്നെ ഇഷ്ടമാണ്. അയാൾക്ക് എന്നെയാണ് അധികമിഷ്ടം എന്ന് മറ്റുള്ളവർ പറയുമ്പോൾ ഞാൻ എന്നേയും മറന്ന് അവനെ സ്നേഹിച്ചു.

രാമകൃഷ്ണൻ ഒരു പടുവികൃതിയായി വളർന്നു. ഞങ്ങൾ ഇടക്കെല്ലാം തമ്മിൽത്തല്ലി. പിന്നെപ്പിന്നെ എനിക്ക് രണ്ടുതരത്തിൽ അയാളെ കരയിക്കേണ്ടിവന്നു. വികൃതികാണിച്ച് അന്യോന്യം അടികൂടുമ്പോഴും, ഇടക്കെല്ലാം സ്വന്തം കാരണവസ്ഥാനം സ്ഥാപിച്ചുകിട്ടാൻ അയാളെ ശാസിക്കേണ്ടിവരുമ്പോഴും; അപ്പോഴെല്ലാം, അവനെ കരയിച്ചതിനുള്ള 'ചുട്ടസമ്മാനം' അമ്മ എനിക്കു തന്നുകൊണ്ടുമിരുന്നു. എന്നെ അടികൊള്ളിക്കാൻ വേണ്ടി അത്രയൊന്നും വേദനപ്പെടാതെയും അവൻ കരയാറുണ്ട്. കളിയിലുള്ള അയാളുടെ പരാജയം എന്നെ തല്ലുകൊള്ളിക്കുന്നതിലുള്ള വിജയംകൊണ്ടാണ് നികത്തിവന്നത്. പലപ്പോഴും നല്ല അടിയോ, മാന്തലോ അയാളോടും കിട്ടി; അമ്മയോടും കിട്ടി നല്ല പെട - പോരാത്തതിന്ന് ആ കുഞ്ഞിനെ സ്നേഹശൂന്യമായി ഉപദ്രവിച്ചതിന്ന് മൂത്ത ജ്യേഷ്ഠത്തിയുടെ കയ്പുറ്റ ശകാരവും!

അങ്ങിനെയാണ് ജ്യേഷ്ഠത്തി. തന്റെ കുട്ടിയെ ആരും സ്നേഹിക്കുന്നില്ലെന്നാണ് അവർ പറയുക. ചില കുടുംബവഴക്കുകൾ കാരണം രാമകൃഷ്ണന്റെ അച്ഛൻ വിവാഹബന്ധം വിടർത്തിയിരുന്നു. സാമൂഹ്യജീവിതത്തിൽ അങ്ങിനെയെല്ലാം വരില്ലേ? പരസ്പരം സ്നേഹിക്കുന്ന ദമ്പതിമാർ സ്നേഹിച്ചുകൊണ്ടിരിക്കെത്തന്നെ വെറും അന്യന്മാരെപ്പോലെ പെരുമാറണം, അഭിജാതരായ കുട്ടികൾ അച്ഛനില്ലാത്തവരെപ്പോലെയും!

ഏതായാലും ചെറിയ ഏടത്തി, ഞാനും രാമകൃഷ്ണനും തമ്മിലുള്ള കൂട്ടുകച്ചവടത്തിൽ എനിക്കാണ് കൂടുതൽ പരിക്ക് ഏൽക്കുന്നതെന്ന് കണ്ടുപിടിച്ചു. അവരുടെ സുസൂക്ഷ്മമായ നോട്ടത്തിന്നു മുൻപിൽ ഒരു കള്ളത്തരത്തിനും നിൽക്കാനാവില്ല. വീണ്ടും സംഘട്ടനങ്ങൾ ഉണ്ടാകുമ്പോൾ അവർ ഇടപെട്ട് അമ്മയുടെ സമ്മാനദാനങ്ങളിൽനിന്ന് എന്നെ രക്ഷിച്ചിരുന്നു.

പക്ഷേ, ഇതിന്റെ ഫലം ഒട്ടുമധികം ആശാവഹമായില്ല. ഭേദം, ഞാനീ വേദനകൾ അനുഭവിക്കുകയും ജ്യേഷ്ഠത്തിയുടെ  ദുഷ്ടൻ', 'ചോരൻ' ഇത്യാദി ആരോപണങ്ങൾ സമ്മതിച്ചുകൊടുക്കുകയുമായിരുന്നു. പക്ഷേ, അതെല്ലാം ഇന്നാണ് തോന്നുന്നത്. ഇന്നാലോചിക്കുമ്പോഴാണ് മനസ്സി

ലാകുന്നത്. അവരുടെ ഏറ്റവും ചീത്ത ശകാരങ്ങൾക്കുപോലും ഒരേ ഒരർത്ഥമേ ഉണ്ടായിരുന്നുള്ളൂ. “എനിക്ക് കുറച്ച് സൈ്വരം തരിൻ.”

ഞങ്ങളന്ന് രസം പിടിച്ച ഒരു കളിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. രാവിലെ, കഞ്ഞികുടിയും കഴിഞ്ഞ് പുതുമഴകൊണ്ട് കുതിർന്ന മണൽമുറ്റത്തേയ്ക്ക് ഞങ്ങളിറങ്ങി. കൂവളത്തറമേൽ പടർന്നുപന്തലിച്ചിരുന്ന കാട്ടുപിച്ചകത്തിന്മേൽ നിറച്ചും പൂവിരിഞ്ഞിരുന്നു. മാല കോർക്കാൻ ഒരു നീണ്ട വാഴനാരെടുത്ത് ഞാനും, മണ്ണപ്പമുണ്ടാക്കാൻ ഒരു വലിയ കണ്ണൻചിരട്ടയെടുത്ത് രാമകൃഷ്ണനും കൂവളച്ചോട്ടിലെത്തി.

ജ്യേഷ്ഠത്തിമാർക്കും അന്നുത്സാഹമായിരുന്നു. അക്കൊല്ലത്തെ എള്ളിൻകൃഷി കഴിഞ്ഞിരിക്കയാണ്. കിട്ടാവുന്നേടത്തോളം എള്ളെടുത്ത് അമ്മ ആട്ടിച്ചുകഴിഞ്ഞു. കളത്തിൽ ചിതറിവീണതും കുററികളിൽ അവശേഷിച്ചത് അതിപ്രയത്നം ചെയ്തു സംഭരിച്ചതും എല്ലാം അടിച്ചുവാരി ചെറിയ ജ്യേഷ്ഠത്തി കുറച്ചു സമ്പാദിച്ചുവെച്ചിട്ടുണ്ട്. അതുകൊണ്ട് അന്ന് പലഹാരമുണ്ടാക്കാനുള്ള ശ്രമമാണ്. ഇന്നലെ വൈകുന്നേരം തന്നെ അവരെന്നെ പീടികയിൽ അയച്ച് ശർക്കര വാങ്ങിച്ചുവെച്ചിരുന്നു. അമ്മയുടെ സമ്മതവും കിട്ടി. അതത്ര എളുപ്പമായിരുന്നില്ല. എവിടെനിന്നു കിട്ടി എള്ള്? അതാണ് ചോദ്യം. “നീ കട്ടുവെച്ചതാവും” അമ്മ പറഞ്ഞു.

“അയ്യ! ഞാൻ അടിച്ചുകൂട്ടിട്ട്യേ മണ്ണുകളഞ്ഞെടുക്കാൻ രണ്ടു ദിവസം മെനക്കെട്ടതാണ്”, ചെറിയ ഏട്ടത്തി.

രണ്ടിലും കുറച്ചു വാസ്തവമുണ്ടായിരുന്നതുകൊണ്ടും നിഷേധിച്ചാൽ ‘അതൊരു ശാപമാവില്ലേ’ എന്ന എടയിളക്കംകൊണ്ടും അമ്മ സമ്മതം തന്നതാണ്. എന്നിട്ടും “നാളികേരം ഒന്നും എടുക്കാൻ പാടില്ല” എന്ന താക്കീതു കൊടുക്കാൻ വിട്ടുപോയില്ല. ഞാനൊന്നു തുള്ളിച്ചാടി; രാമകൃഷ്ണനും. നാളികേരവും സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് എനിക്കറിയാം. കഞ്ഞികുടി കഴിഞ്ഞാൽ അവർ പലഹാരമുണ്ടാക്കും. പിട്ട് ഇടിക്കുകയാണ് ചെയ്യുക. നാട്ടിൻപുറത്തുകാരായ ഞങ്ങൾക്ക് അങ്ങിനെ രണ്ടുമൂന്ന് പലഹാരമേ ഉള്ളൂ. അരിയും നാളികേരവും മാത്രമാണെങ്കിൽ ‘കൊഴക്കട്ട’, ശർക്കരകൂടിയുണ്ടെങ്കിൽ ‘കുമ്പളപ്പം’, കുറച്ചുകൂടി വിസ്തരിച്ചിട്ടാണെങ്കിൽ ‘അട’, എള്ളുപോലെ മറെറാരു ധാന്യം കൂടി കിട്ടുമ്പോഴാണ് പിട്ട് ഇടിക്കൽ. അടുത്തു കിട്ടിയേക്കാവുന്ന ആ മാധുര്യത്തിന്റെ സ്വാദ് തൊണ്ടയിൽ സങ്കല്പമെടുത്തുകൊണ്ടാണ് ഞങ്ങൾ കളിക്കാൻ പോയത്.

“രാമകൃഷ്ണനെ ഇങ്ങോട്ടയക്കരുത്” ജ്യേഷ്ഠത്തി പറഞ്ഞു. “അവൻ എള്ളുവാരിത്തിന്നും.” അപ്പോൾ കലഹിക്കാൻ നിൽക്കാതെ ആ രസം പിടിച്ച കളി കഴിയുന്നതും നീട്ടിക്കൊണ്ടുപോവുകയാണ് ആവശ്യം.

പുതുമഴകൊണ്ട് അമർന്ന മുറ്റത്തെ മണലിന്ന് കൂടുതൽ മാർദവവും വൃത്തിയുമുണ്ട്. ഇളംവെയിലത്ത് വാരിക്കൂട്ടാവുന്നവിധം വിടർന്നുനിൽക്കുന്ന വെളുത്ത പിച്ചിപ്പൂക്കളിൽനിന്ന് ഹൃദ്യമായ പരിമളം വ്യാപിച്ചിരുന്നു. തോട്ടത്തിൽ ഒരുകൂട്ടം ചവിറ്റിലക്കിളികൾ ബഹളം കൂട്ടുകയാണ്. അമ്മ, അവിടെ അങ്ങിങ്ങു നോക്കിനടന്ന് പുതുതായി കൂമ്പെടുക്കുന്ന കിഴങ്ങിൻമുളകൾക്ക് പുതയിട്ടുകൊടുക്കുന്നു. ഞങ്ങളുടെ മുത്തശ്ശി കഞ്ഞികുടിയും കഴിഞ്ഞ് കൂന്നുകൂന്നു വന്ന് താഴത്തെ കോലായമേലിരുന്ന് മുറുക്കാൻപെട്ടിയിൽനിന്ന് വെലയും അടക്കയുമെടുത്ത് കുട്ടിയുരൽ അന്വേഷിക്കുകയാണ്.

“എവിടെ കൊണ്ടുപോയിട്ടു മക്കളേ, കുട്ട്യൊരല്”, അവർ വിളിച്ചു ചോദിച്ചു.

മുത്തശ്ശിയുടെ കുട്ടിയുരലും ഞങ്ങളുടെ കളിവണ്ടിയും ഒന്നായിരുന്നതുകൊണ്ട് ആവശ്യം വരുമ്പോൾ പരസ്പരം അതെടുത്തുകൊടുക്കുകയാണ് പതിവ്. പക്ഷേ, ധാരാളം പൂക്കൾ കൈനീട്ടിപ്പറിച്ച് മാലകോർക്കുന്നതിനിടയിൽ എനിക്കപ്പോൾ തട്ടിൻപുറത്തോ അറക്കുണ്ടിലോ തപ്പിത്തിരയാൻ എടയില്ല. “മുത്തശ്ശിക്ക് കൊറച്ചുനേരം മുറുക്കാതിരുന്നുകൂടെ?” ഞാൻ പിറുപിറുത്തു.

“ഞാൻ എടുത്തുകൊടുക്കാം” രാമകൃഷ്ണൻ പുറപ്പെട്ടു. പക്ഷേ, അവനെ അങ്ങോട്ടയക്കരുത് എന്ന് ജ്യേഷ്ഠത്തി പറഞ്ഞിട്ടുണ്ട്. കുട്ടിയുരൽ തിരയാൻ അകത്തുപോയിട്ട് അവിടുത്തെ സംരംഭം കണ്ടുപോയാൽ, പിന്നെ മുത്തശ്ശിക്ക് ഒരലുമില്ല, മൂപ്പർ മടങ്ങിവരലുമില്ല. എനിക്ക് പിന്നേയും ശകാരം. “നീയവിടെ ഇരുന്നോ, മുത്തശ്ശി എടുത്തോളും” ഞാൻ ശാസിച്ചു.

“ഒന്ന് വന്ന് എടുത്തുതാടാ” മുത്തശ്ശി വീണ്ടും തുടങ്ങി.

മുറുക്കാൻ വായിലിടാതെത്തന്നെ വെറും തൊണ്ണുകൊണ്ട് ചവക്കുന്ന മുത്തശ്ശിയുടെ മുഖവും എനിക്ക് വയ്യാഞ്ഞിട്ടല്ലേ, മക്കളേ’ എന്ന് കെഞ്ചുന്ന കണ്ണുകളും വയസ്സായതുകൊണ്ട് ഒരുപാട് ചുളികൾ വീണ് തൂങ്ങിയ കഴുത്തിലെ ചുരുളുകളും കണ്ടപ്പോൾ, എനിക്കനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. കോർത്തുതുടങ്ങിയ മാല പിച്ചകവള്ളിമേൽ തൂക്കി ഞാൻ കൂവളത്തറയിൽനിന്നു താഴേക്കു ചാടി. അതോടൊപ്പം രാമകൃഷ്ണൻ കിടന്നൊരു നിലവിളിയും. നോക്കുമ്പോൾ അയാളുടെ മണ്ണപ്പങ്ങളിൽ ഒന്ന് എന്റെ കാൽ തട്ടിത്തകർന്നിരിക്കുന്നു. വിദ്വാൻ നിലത്തുകിടന്ന് നിലവിളിക്കുകയാണ്.

"ഓ, സാരമില്ല. അതു രണ്ടാമത് ഉണ്ടാക്കിക്കൂടെ?" ഞാൻ ചോദിച്ചു. നിലവിളി നിർത്താനുള്ള ഭാവമല്ല.

"എന്നാൽ ഞാനത് നന്നാക്കിത്തരാം."

വീണ്ടും ആ ഉതിർന്ന മണ്ണുകൊണ്ട് അപ്പമുണ്ടാക്കാൻ വേണ്ടി ഞാൻ കണ്ണൻചിരട്ടയെടുത്തു. അതയാളെ കൂടുതൽ ശുണ്ഠിപിടിപ്പിച്ചു. അയാൾ കിടന്ന കിടപ്പിൽ ഒന്നുകൂടി ഉരുണ്ടു നിലിവിളിക്കാൻ തുടങ്ങി.

ഞാൻ ചിരട്ട താഴത്തിട്ടു. എനിക്കും വല്ലാതെ ദേഷ്യം പിടിച്ചിരുന്നു. "നീ എണീക്കുന്നുണ്ടോ?" ഞാൻ ചോദിച്ചു. എന്നിട്ട് അയാളെ പിടിച്ചുവലിച്ച് എഴുന്നേല്പിച്ചു. തലയിലും മുഖത്തും വയറ്റത്തുമെല്ലാം മണ്ണു പുരണ്ടിട്ടുണ്ട്. ഞാനതു തട്ടിക്കളഞ്ഞു. അതോടെ, നെററിയിൽ കിടന്നു കളിക്കുന്ന ചുരുളൻമുടികളിൽ പറ്റിപ്പിടിച്ച മണൽത്തരികൾ അയാളുടെ കണ്ണിലായി! നിലവിളി അതിന്റെ മൂർദ്ധന്യത്തിലുമെത്തി!

"എന്തേ?" തൊടിയിൽനിന്ന് അമ്മ വിളിച്ചുചോദിച്ചു. ജ്യേഷ്ഠത്തിമാരും ഓടിയെത്തി. "ഒന്നൂല്യ, അവര് കളിക്കേർന്ന്" മുത്തശ്ശി വിളിച്ചു പറഞ്ഞു. പക്ഷേ, അതാരും കേട്ടില്ല.

"ഏട്ടൻ എന്റെ കണ്ണില് മണ്ണാക്കി." രാമകൃഷ്ണൻ തേങ്ങിത്തേങ്ങിപ്പറഞ്ഞു.

ഞാൻ ഇതികർത്തവ്യമൂഢനായി നിന്നു. 'ഇല്ലില്ല' എന്നു മാത്രം പറയാനേ കഴിഞ്ഞുള്ളു. പക്ഷേ, കുട്ടിയുടെ കണ്ണിൽ മണലുണ്ട്. ജ്യേഷ്ഠത്തി എന്നെ ശകാരിച്ചു.

"എടാ, കുറച്ചു ദയ വേണം, കുട്ട്യോളോട് ഇങ്ങനെ ദുഷ്ടത്തരം കാണിക്കരുത്!"

തിരിഞ്ഞ്, അവർ സ്വന്തം മകനേയും ശാസിച്ചു. "ഓനോട് കളിക്കാൻ പോകരുതെന്ന് ഞാൻ എത്ര തവണ പറഞ്ഞിട്ടുണ്ട്! ഓന് കണ്ണിൽ ചോര ഇല്ല."

ചെറിയേട്ടത്തി രാമകൃഷ്ണനെ മെല്ലെ എടുത്ത് കൺപോള വിടർത്തി ഊതിക്കൊടുത്തു. മെല്ലെ മെല്ലെ കണ്ണു മിഴിപ്പിച്ചു വിരലിൽനിന്ന് ഊരിയെടുത്ത ഇരുമ്പുമോതിരംകൊണ്ട് കണ്ണിന്റെ കടക്കൽപ്പെട്ടിരുന്ന ഒരു തരി മണൽ എടുത്തുകളഞ്ഞു. അവർ അവനെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു.

"മതി, ഇനി കരയാതെ കളിച്ചോ." അവർ കാര്യം അവസാനിപ്പിച്ചു.

"കളിക്കുന്നു! അവന്റെ കൂടെ കളിക്കണ്ട." ഏട്ടത്തി പ്രഖ്യാപിച്ചു.

"നിങ്ങൾക്കെന്താ? അവൻ വേണമെന്നുവെച്ച് കണ്ണിൽ മണ്ണാക്ക്വോ?" ചെറിയേടത്തി.

എനിക്കല്പം ആശ്വാസം തോന്നി. എന്തായാലും എനിക്ക് ദുരുദ്ദേശമില്ലെന്നെങ്കിലും പറയാൻ ഒരാളുണ്ടായല്ലോ.

"പിന്നെ രാമകൃഷ്ണൻ തന്നെ മണ്ണുവാരി മുഖത്തിടേ?" ഏട്ടത്തി കയർത്തു.

"എന്നാൽ വേണ്ട. പെട്ടിയിൽ കൊണ്ടുപോയി വെച്ചോളിൻ നിങ്ങടെ മോനെ?"

ജ്യേഷ്ഠത്തിക്ക് കലി കയറി. അവർ ഒന്നും പറഞ്ഞില്ല. അവർ കുട്ടിയുടെ കൈപിടിച്ചു. "നടക്ക്."

അതങ്ങിനെ അവസാനിക്കുകയായിരുന്നു. അപ്പോഴേയ്ക്ക് അമ്മ എത്തി. വഴിക്ക് ചുകന്ന പൂവും ചൂടി കുനിഞ്ഞുനിൽക്കുന്ന തെച്ചിക്കൊമ്പും പറിച്ച് അവർ മുറ്റത്തെത്തി. എന്നിട്ട് ചോദിച്ചു എന്നോട്, "എന്തേ, കുട്ടിയെ ചെയ്ത്?"

രണ്ടടിയും പിന്നെ കുറേ ഓങ്ങലും ഞാൻ പ്രതീക്ഷിച്ചു. പക്ഷേ, ഉണ്ടായില്ല. മുത്തശ്ശി പറഞ്ഞു. "ഓനൊന്നും ചെയ്തിട്ടില്ല. കല്യാണ്യേ, ഞാൻ വിളിച്ചപ്പോൾ ആ തറേമ്മന്ന് ഇങ്ങട്ട് ചാടീതാ. അപ്പോ, മറ്റോന്റെ മണ്ണപ്പം ഒടയേ, കണ്ണില് മണ്ണ് തെറിക്ക്യേ, എന്തേണ്ടായേ ആവോ. അല്ലാതെ ഓനൊന്നും ചെയ്തിട്ടില്ല."

മുത്തശ്ശി ദൃക്സാക്ഷിയാണ്. അപ്പോൾ അമ്മയ്ക്ക് എന്നെ തല്ലാൻ ഞായമില്ല. അമ്മ രാമകൃഷ്ണനെ ശാസിച്ചു.

"അതിന് ഇങ്ങനെ കെടന്ന് അലറണോ, അശ്രീകരേ!"

ഏട്ടത്തിയുടെ മുഖം കറുത്തു. അവർ മകന്റെ കൈപിടിച്ചു വലിച്ചു. അവന്റെ ദേഷ്യമൊക്കെ മാറിയിരുന്നു. അവന്ന് വീണ്ടും മണ്ണപ്പമുണ്ടാക്കണം. എന്റെ കൂടെ കളിക്കുകയും വേണം. അവൻ പോകാൻ കൂട്ടാക്കാതെ കൈയിൽ തൂങ്ങിക്കിടന്നു. അതവരെ പിന്നേയും ശുണ്ഠി പിടിപ്പിച്ചു. അമ്മ താഴത്തിട്ട തെച്ചിക്കോലെടുത്ത് അവർ മകനെ പൊതിരെ തല്ലി.

"ചത്തുപോ. എന്നാൽ ആപത്തൊഴിഞ്ഞൂലോ. ഒരാൾക്കും കണ്ടുകൂടാത്ത ജന്തു. എന്തിനിങ്ങനെ ജനിച്ചു! എനിക്ക് സൈ്വരം കെടാൻ..." മറ്റും മറ്റും അവർ പുലമ്പി. കുട്ടി കിടന്നു പിടഞ്ഞു. ചെറിയേടത്തി ആ രംഗം തുടങ്ങും മുമ്പേ പോയിരുന്നു. ഒടുവിൽ തല്ലു നിർത്താതായപ്പോൾ അമ്മ വടി വാങ്ങി വലിച്ചെറിഞ്ഞു. പിന്നെ കുട്ടിയേയുമെടുത്ത് പിറുപിറുത്തുകൊണ്ട് തോട്ടത്തിലേക്കുതന്നെ പോയി. പാവം, പിടച്ചിൽ നിർത്തി കരഞ്ഞുചോന്ന മുഖം അമ്മയുടെ തോളിലമർത്ത് ആ കുഞ്ഞ് തേങ്ങിക്കൊണ്ടിരുന്നു. ഏട്ടത്തി അമർത്തിച്ചവിട്ടികൊണ്ട് വീട്ടിന്നുള്ളിലേക്കു പോയി. അവർ അപ്പോഴും ആരേയൊക്കെയോ ചീത്ത പറഞ്ഞിരുന്നു.

"ആയായി, ഇതു നന്നല്ല." മുത്തശ്ശി ആരോടെന്നില്ലാതെ പറഞ്ഞു. വീണ്ടും അവർ ചുറ്റും നോ

ക്കി, ഉരലിന്ന്. എന്നിട്ട് എന്നോട് വിളിച്ചുപറഞ്ഞു. “മോനേ, ആ ഒരലൊന്ന് തപ്പിയെടുത്തുകൊണ്ടാ.”

ഞാനകത്തുപോയി. ഏടത്തി തെക്കെ അറയിൽ കിടന്ന് തേങ്ങിക്കരയുന്നുണ്ട്. ചെറിയേടത്തി അങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ലെന്ന മട്ടിൽ അടുക്കളയിൽ കടന്ന് ഉച്ചഭക്ഷണം ഒരുക്കുകയാണ്. ഞാനൊരു ഒളികണ്ണിട്ടുനോക്കി. അവിടെയെങ്ങും എള്ളുമില്ല, ശർക്കരയുമില്ല. എള്ളിൻപിട്ടിന്റെ കാര്യം കൂന്തമായി എന്നു ഞാനുറച്ചു. ചോദിക്കാൻ ധൈര്യമില്ല. ഉറക്കെയൊന്ന് ശ്വാസം കഴിച്ചാൽ മതി, ഗൃഹാന്തരീക്ഷത്തിന് തീപിടിക്കുമെന്നാരു തോന്നൽ. ഞാൻ എവിടെയൊക്കെയോ തപ്പി, മെല്ലെ, മുത്തശ്ശിയുടെ ഉരൽ കൊണ്ടുവന്നുകൊടുത്തു. അവർ വെറ്റിലയും പാക്കും ഇടിക്കുമ്പോൾ ചിതറിപ്പോകുന്ന കഷണങ്ങൾ പെറുക്കിയിട്ടുകൊടുത്ത് അവിടെയിരുന്നു. അവിടെ എന്തോ ഒരാശ്വാസമുണ്ട്. നന്നെ ചെറുപ്പത്തിലേ ഞാനത് കണ്ടിപിടിച്ചതാണ്. വ്യസനംകൊണ്ട് വിതുമ്പുമ്പോൾ അവരുടെ മടിയിൽ കമിഴ്ന്നു കിടക്കുകയും ആ ചുളിഞ്ഞ കൈ പുറത്ത് തലോടുകയും ചെയ്യുമ്പോൾ എല്ലാ ദുഃഖവും വിട്ടൊഴിഞ്ഞുപോകാറുണ്ട്.

ഞാനവരുടെ അടുക്കൽ പററിക്കൂടി. എന്റെ അസ്വാസ്ഥത കണ്ടറിഞ്ഞിട്ടാവാം അവരെനിക്ക് കുട്ടിക്കാലത്ത് പലതവണ പറഞ്ഞു തന്നിട്ടുള്ളതും എന്നെ ചിരിപ്പിച്ച് മണ്ണുകപ്പിച്ചിട്ടുള്ളതുമായ കൊരങ്ങുണ്ണി രാമന്റെ കഥ ഒരാവർത്തികൂടി പറഞ്ഞുതന്നു. രസംപിടിച്ച ഭാഗമെത്തുമ്പോൾ അവർ തന്നെ പല്ലില്ലാത്ത തൊണ്ണുകാട്ടി കുട്ടികളെപ്പോലെ ചിരിക്കയും ചിരിക്കാൻ എന്നെ പ്രോത്സാഹിപ്പിക്കയും ചെയ്യും. കഥ മുഴുമിക്കാറായപ്പോഴേക്ക് രാമകൃഷ്ണൻ വന്നു. അതേ, അയാൾക്കും ആ കഥ ആദ്യം പറഞ്ഞുകൊടുക്കണം. മുത്തശ്ശി ക്ഷീണിച്ചിരുന്നു. അവർ പറഞ്ഞു. “പകൽ കഥ പറഞ്ഞാൽ കാലൊടിയില്ലെ! രാത്രി പറഞ്ഞുതരാം.”

“ഏട്ടന്റെ കാല് ഒടിഞ്ഞില്ലല്ലോ” ആ യുക്തിവാദി തിരക്കി.

“ഞാൻ പറഞ്ഞുതരാം.” എനിക്കു പാവം തോന്നി.

അപ്പോഴേയ്ക്കും അയാൾക്ക് ഉത്സാഹം കയറി. “ഞാമ്പറയാം, ഏട്ടൻ മൂളൂ.”

“ആ, എന്നാൽ, പറയ്.”

ഇഷ്ടൻ കഥ പറഞ്ഞു. രണ്ടു മൂന്നു വാചകമേ അറിയൂ. പിന്നെ ചോദ്യം തുടങ്ങും. “പിന്നെയെന്താണ്?”

ഞാൻ വഴങ്ങിക്കൊടുത്തു. പിന്നത്തെ കഥ കുറച്ചു ഞാൻ പറഞ്ഞും അവൻ ഏറ്റുപറഞ്ഞും രണ്ടിനും ഞാൻ മൂളിയും അങ്ങനെ ഞാൻ നീങ്ങി. അപ്പോഴൊക്കെ ആ പതുത്ത തുടയിൽ കിടക്കുന്ന തെച്ചിക്കോലിന്റെ പാട് മുത്തശ്ശി തലോടിക്കൊണ്ടിരുന്നു. അവരുടെ കണ്ണുകളിൽ നനവുണ്ടായിരുന്നു.

വലിയ ജ്യേഷ്ഠത്തി അന്നുച്ചയ്ക്ക് ഒന്നും കഴിച്ചില്ലത്രെ. അവർ വ്യസനിച്ചങ്ങനെ കിടന്നു. ഏട്ടത്തിയും ചെറിയേട്ടത്തിയും തമ്മിൽ മിണ്ടിയതുമില്ല. വൈകുന്നേരം ചെറിയേട്ടത്തി ഒറ്റക്കാണ് മേൽക്കഴുകാൻ പോയത്. ഏട്ടത്തി പോകുമ്പോൾ രാമകൃഷ്ണനെ കൂടെക്കൂട്ടി. അതസാധാരണമായിരുന്നു. മടങ്ങിവന്നിട്ടും അവർ കുട്ടിയെ എടുത്ത് പടിക്കൽ ലാത്തിക്കൊണ്ടിരുന്നു. സന്ധ്യക്ക് ഒരു പത്തു വട്ടമെങ്കിലും അയാളെ അടുക്കളയിൽനിന്ന് പിടിച്ചുകൊണ്ടുവരണം, നാമം ചൊല്ലിക്കാൻ. അന്ന് അടുക്കളയിൽ യാതൊരു വഴക്കുമില്ല. നാമം ചൊല്ലിക്കാനും അവർ മകനെ പറഞ്ഞയച്ചില്ല. അകാരണമായി സ്വന്തം കുട്ടിയെ തല്ലി വേദനിപ്പിച്ചതിന്ന് പശ്ചാത്തപിച്ച് അവനെ അവർ പതിവിലധികം ഓമനിക്കുകയാണ്.

കുറേക്കഴിഞ്ഞ് മടങ്ങിവരുമ്പോൾ അവർ കുഞ്ഞിനെ ഇങ്ങിനെ സമാധാനിപ്പിച്ചിരുന്നു. “നാളെ തീർച്ചയായിട്ടും അച്ഛൻ കൊണ്ടുവന്നുതരും. മോൻ കരയരുത് കേട്ടാ.”

എനിക്ക് മനസ്സിലായി. രാമകൃഷ്ണന്റെ അച്ഛൻ ചിലപ്പോഴെല്ലാം വന്ന് കുട്ടിക്ക് വല്ലതും കൊടുക്കാറുണ്ട്. അതും വിലക്കത്തക്കവണ്ണം അത്രയ്ക്കു കഠിനമായി വീട്ടുകാർ പെരുമാറിയിരുന്നില്ല. നാളെ എന്തെങ്കിലും കൊണ്ടുവന്നുകൊടുക്കുവാൻ ജ്യേഷ്ഠത്തി ഏല്പിച്ചിട്ടുണ്ടാവണം.

രാമകൃഷ്ണൻ എന്റെ അടുത്തുവന്നിരുന്നു, നാമം ചൊല്ലാൻ. ഞാൻ  നമഃശ്ശിവായ’ എന്നു ചൊല്ലിക്കൊടുത്തു. “നാളെ അച്ഛൻ പഴംപൊരിച്ചത് കൊണ്ട്വരോലോ” അവൻ അങ്ങിനെയാണ് ഏറ്റു ചൊല്ലിയത്. അപ്പോഴേയ്ക്കും അടുക്കളയിൽനിന്ന് നാളികേരം ചിരകുന്ന ശബ്ദം കേട്ടു. അവൻ അങ്ങോട്ടോടി.

പിറ്റേന്ന് വളരെ നേരത്തെതന്നെ രാമകൃഷ്ണന്റെ അച്ഛൻ വന്നു. ജ്യേഷ്ഠത്തി ഉമ്മറത്തുണ്ടായിരുന്നു. അയാൾ ഒരു പൊതി ജ്യേഷ്ഠത്തിയുടെ കൈയിൽ കൊടുത്ത് ഓടിച്ചെന്ന കുഞ്ഞിന്റെ കവിളിൽ പതുക്കെയൊന്നു നുള്ളി, നിൽക്കാതെ പടികടന്നുപോയി. അദ്ദേഹം ആഫീസിലേക്കു പോവുകയായിരിക്കണം.

ജ്യേഷ്ഠത്തി അകത്തേയ്ക്കു പോയി; രാമകൃഷ്ണനും. ആ പൊതിയിലുള്ള മധുരമുള്ളതും വെളിച്ചെണ്ണയുടെ മണം കലർന്നതുമായ പൊരിച്ച പഴത്തേപ്പററി ആലോചിച്ചുകൊണ്ട് ഞാൻ ഉമ്മറത്തു തന്നെ ചുറ്റിപ്പറ്റി നിന്നു. അകത്തു കയറിച്ചെന്ന് എനിക്കുള്ള പങ്ക് വാങ്ങിത്തിന്നാൻ എന്റെ ദുരഭിമാ

നം സമ്മതിച്ചില്ല. ഞാൻ മുതിർന്നവനാണ്! അലച്ച കാണിച്ചുകൂടാ. ജ്യേഷ്ഠത്തിതന്നെ എന്നെ ആയിരം സദാചാരപാഠം പഠിപ്പിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ഭക്ഷ്യപദാർഥങ്ങൾ കണ്ടാൽ കണ്ടില്ലെന്നു നടിക്കണമെന്നുള്ളത്. അതോരോന്നും തെറ്റിച്ച അവസരങ്ങളിൽ അവരെന്നെ ശാസിച്ചിട്ടുമുണ്ട്. പക്ഷേ, മധുരമുള്ള പൊരിച്ച പഴം! അതൊരിക്കലേ ഞാൻ തിന്നിട്ടുള്ളൂ. അന്ന് തിന്നുകഴിഞ്ഞിട്ടും വളരെനേരം അതിന്റെ അലിയിക്കുന്ന മധുരം ചങ്കിൽ തങ്ങിനിന്നു; വളരെനേരം അതിന്റെ ഹൃദ്യമായ സൗരഭ്യം എന്നെ ചുഴന്നു നിന്നു. മതിയായില്ല!

എന്നെ വിളിച്ചില്ല. അകത്തു പോയാലോ? ആയി, വേണ്ട. പക്ഷേ, അടുക്കളയിൽ... എന്തെടുക്കാനാണ് പോകേണ്ടത്? അല്ല. തെക്കിനിപ്പടിയിൽനിന്ന് എനിക്ക് കോപ്പിപുസ്തകം എടുക്കണം. എന്നിട്ട് അവിടെ നിൽക്കാതെ ഇങ്ങോട്ടു പോന്ന് ഇവിടെ ഇരുന്ന് കോപ്പി എഴുതാം. ശരി; തെക്കിനിയിലേയ്ക്കു പോയി, അവിടെ ആരുമില്ല. പുസ്തകമെടുത്തു. വയ്യ, ഇപ്പോൾ കോപ്പി എഴുതാൻ വയ്യ. ആരും കാണാത്തതുകൊണ്ട് പുസ്തകമെടുക്കാതെ മടങ്ങിപ്പോരാമല്ലൊ. ഞാൻ ഉമ്മറത്തേയ്ക്കുതന്നെ പോന്നു. എന്നെ വിളിക്കും. ഇങ്ങിനെ കാത്തുനിൽക്കുന്നത് ചീത്തയാണ്. ച്ഛെ, കൂവളത്തറക്കടുത്തുപോകാം. ഇന്നലെ മാലകെട്ടി പകുതിയാക്കിവെച്ചതുണ്ട്. ആ പൂവെല്ലാം കരിഞ്ഞിട്ടുണ്ടാവും. പുതിയ ഒരു മാല കെട്ടണം. അതിലിടയ്ക്കു എന്നെ വിളിക്കും. ഞാൻ മുറ്റത്തേയ്ക്കിറങ്ങി.

പക്ഷേ, പൊരിച്ച പഴം ഒന്നേ ഉള്ളുവെങ്കിൽ അതു രാമകൃഷ്ണന്നു തന്നെ തികയില്ല. അവന്ന് ഇന്നലെ വെറുതെ അടികിട്ടയതാണ്. പാവം, അവൻ തിന്നോട്ടെ. ഞാൻ മുതിർന്നില്ലെ? ഞാൻ തലേ ദിവസത്തെ മാലയെടുത്ത് അതിൽനിന്ന് പറിച്ചുകളഞ്ഞുകൊണ്ടിരുന്നു.

“ആ പൊതിയിൽ ഒന്നല്ല ഉള്ളൂ.” എന്റെ ഹൃദയം മന്ത്രിച്ചു. അതോടെ വെളിച്ചെണ്ണയുടെ വറമണം അവിടേയ്ക്ക് പറന്നുവരുന്നുണ്ടെന്ന് എനിക്കു തോന്നി. വായിൽ ഊറിവന്ന വെള്ളം ഞാനിറക്കി.

പൂ മുഴുവൻ പറിച്ചുകളഞ്ഞശേഷം ഞാൻ ആ നാരിന്മേൽ പുതിയ പൂക്കൾ കോർക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് ഒരു വലിയ തുമ്പി പിച്ചകച്ചില്ലയിൽ നിശ്ചലനായിരിക്കുന്നത് കണ്ടത്. ഞാൻ ചരടിന്മേൽ ഒരു കുടുക്കിട്ടു. വലിയ തുമ്പിയാണ്, അതിനെ പിടിച്ചുകൂടാ. അത് കൈയിന്മേൽ കടിക്കും. പിന്നെ, തുമ്പിയെ പിടിക്കരുത്, അതു പാപമാണ്’, ജ്യേഷ്ഠത്തി പറഞ്ഞുതന്നിട്ടുണ്ട്. പക്ഷേ, ചെറിയേട്ടത്തി മുതിർന്നിട്ടും ചിലപ്പോൾ ഞങ്ങളുടെകൂടെ കളിച്ച് തുമ്പിയെ പിടിക്കാറുണ്ട്. അതിനെക്കൊണ്ട് കല്ലെടുപ്പിക്കാറുമുണ്ട്. കല്ലെടുക്കാൻ കൂട്ടാക്കാത്തതിന്റെ വാലിൽ ഒരു നീണ്ട നാരും കെട്ടി പറപ്പിക്കാറുണ്ട്. ഏതായാലും, പിടിക്കേണ്ട. ആ വിദ്വാന്റെ നീണ്ട വാലിന്മേൽ ഈ കുടുക്കിടാം. എന്നിട്ടത് പറക്കുന്നതു കാണാമല്ലൊ. ഞാൻ ഊരാംകൊളുത്തിട്ട നാരുകൊണ്ട് മെല്ലെ അതിനെ സമീപിച്ചു. മൂപ്പർ നിശ്ചലനാണ്. ഇളവെയിലും കൊണ്ട് ആ ചില്ലമേലിരുന്നു മയങ്ങുകയാണ്. ഇടയ്ക്ക് വിമാനച്ചിറകുപോലെ പാർശ്വങ്ങളിൽ വിടർത്തിവെച്ച ചിറകുകൾ അല്പമൊന്ന് ഉയർന്നു താഴും. അത്രമാത്രം. അതിന്റെ വാൽ മെല്ലെ ഞാനെന്റെ നാരിൻകൊളുത്തിനുള്ളിലാക്കി. മെല്ലെമെല്ലെ മുറുക്കണം, ശരി.

“ഏട്ടാ, ഏട്ടൻ അപ്പം തിന്നുവോ?”

ഞാൻ പെട്ടെന്ന് തിരിഞ്ഞു. ചുണ്ടിൽ പൊരിച്ച പഴത്തിന്റെ വെളിച്ചെണ്ണ പുരണ്ടത് പോകാതെ രാമകൃഷ്ണൻ ഓടിവന്ന് അന്വേഷിച്ചതാണ്.

ഛേ, തുമ്പി പറന്നുപോയി.

“ഇല്ല, അമ്മ ഏട്ടനെ വിളിച്ചോ?” ആശാപൂർവം ഞാൻ അന്വേഷിച്ചു.

“ഏട്ടാ നല്ല സ്വാദുണ്ട്. എനിക്ക് രണ്ടെണ്ണം തന്നു, അമ്മ.”

എന്നെ വിളിച്ചുവോ എന്ന് അവൻ പറഞ്ഞില്ല. എനിക്ക് വലിയ ഒരഭിമാനഭംഗം അനുഭവപ്പെട്ടു. പലഹാരത്തിന്റെ സ്വാദിൽനിന്ന് എന്റെ മനസ്സ് അകന്നൊഴിഞ്ഞിരിക്കുന്നു.

“ഏട്ടൻ ചെന്നു വാങ്ങിക്കോളൂ.” രാമകൃഷ്ണൻ ബദ്ധപ്പെടുത്തി. അവൻ അപ്പോഴും നുണക്കുന്നുണ്ട്. പാവം, ആ വിശിഷ്ടഭോജ്യം ഞാൻ കൂടി ആസ്വദിച്ചാലേ അവന്നു തൃപ്തിയുള്ളൂ. ശരി, ഏതായാലും അകത്തുപോയി വന്നേക്കാം ചോദിക്കില്ല.

“എന്നാൽ നീയിവിടെ നിന്നോ. ഏട്ടൻ പോയിവരാം.”

അവൻ തലേദിവസത്തെ കണ്ണൻചിരട്ടയിൽ മണ്ണു നിറക്കുകയാണ്. അവന്റെ ചിറിയിൽ ഒരീച്ച വന്നിരിക്കുന്നു. ഞാൻ മുണ്ടിൻതലകൊണ്ട് അവന്റെ മുഖം തുടച്ചുകൊടുത്ത് അകത്തേയ്ക്കുപോയി. ജ്യേഷ്ഠത്തി അവിടെ നിൽക്കുന്നുണ്ട്. അവർ എന്നോട് ഒന്നും പറഞ്ഞില്ല. ഞാൻ അടുക്കളയിൽ ചെന്നു.

“എന്തേ?” ചെറിയേടത്തി ചോദിച്ചു.

“ഒന്നുമില്ല.” ഞാൻ നടന്നുകളഞ്ഞു.

ഏട്ടൻ പലഹാരം തിന്വോ എന്ന് രാമകൃഷ്ണൻ വീണ്ടും ചോദിച്ചാലോ! ഞാൻ വടക്കുപുറത്തു നിൽക്കുന്ന നെല്ലിയുടെ ചുവട്ടിൽ പോയി. അവിടെ വീണുകിടക്കുന്ന മൂന്നുനാലു പുഞ്ചനെല്ലിക്ക പെറുക്കി, വെറുതെ കിഴക്കേ കോലായിൽവെച്ചു തിരിഞ്ഞു വീട്ടിനുള്ളിൽ കയറാതെ ഉമ്മറത്തെ

മുറ്റത്തേയ്ക്കുപോന്നു. എനിക്കു കണ്ണിൽ വെള്ളം നിറഞ്ഞു.

കിഴക്കെ മുററത്ത് മൂടിപ്പുതച്ചിരുന്ന് മുത്തശ്ശി പുല്ലു നുള്ളുന്നുണ്ട്. അവർ എന്റെ മുഖത്തു നോക്കി.

“നീയെന്തിനാ മോനേ, എപ്പോഴും കരേണ്!” സ്നേഹമസൃണമായ ആ ചോദ്യമാണ് എന്നെ കരയിച്ചത്. “ഞാൻ കരയിണില്ല” എന്നു പറഞ്ഞപ്പോൾ തൊണ്ട വിറച്ചിരുന്നു. മുഖം തിരിച്ചു നടന്നു. പക്ഷേ, മുത്തശ്ശിയുടെ ചോദ്യം കേട്ടപ്പോൾ ജനലഴിയിൽക്കൂടി ചെറിയേടത്തി എന്നെ നോക്കി എന്നെനിക്കു തോന്നി.

അന്ന് വീട്ടിൽ വഴക്കൊന്നുമുണ്ടായില്ല. എന്നിട്ടും ഏടത്തിയും ചെറിയേട്ടത്തിയും ഒന്നിച്ചല്ല കുളിക്കാൻ പോയത്. പതിവുപോലെ അവർ സംസാരിച്ചിരുന്നുമില്ല. എന്തോ ഒരു ദുഃഖച്ഛായ അമ്മയുടെ മുഖത്ത് ഒഴിയാതെ നിന്നു. സന്ധ്യയ്ക്ക് പതിവിലധികം സമയം അവർ എന്നേയും രാമകൃഷ്ണനേയും അടുത്തിരുത്തി നാമം ചൊല്ലിത്തന്നു. മുത്തശ്ശിയിൽ മാത്രം ഒരു ഭാവപ്പകർച്ചയും കണ്ടില്ല. ഊണു കഴിഞ്ഞപ്പോൾ ഞങ്ങൾ അവരുടെ അടുത്തുകൂടി. രാമകൃഷ്ണൻ അവരുടെ പുതപ്പിന്നുള്ളിൽ കയറിക്കൂടുകയും ഞാൻ അടുത്ത് ഉരുമ്മിയിരിക്കുകയും ചെയ്തപ്പോൾ പതിവുപോലെ അവർ കഥ പറഞ്ഞുതന്നു. അന്ന് മഴയ്ക്കുള്ള വട്ടമുണ്ടായിരുന്നു. പുറത്ത് കാറ്റ് ശക്തിയിൽ അടിച്ചുകൊണ്ടിരുന്നു. മഴ പെയ്യുമെന്നും “ശേ...” എന്നുള്ള അതിന്റെ ഒച്ചയിൽ ആകാശവും ഭൂമിയും മയങ്ങുമെന്നും വിചാരിച്ചുകൊണ്ടിരുന്ന ഞാൻ ഉറങ്ങിപ്പോയതറിഞ്ഞില്ല.

രാവിലെ ചെറിയേട്ടത്തിയുടെ ഭർത്താവ് ഇറങ്ങിപ്പോകുമ്പോൾ എന്നോട് കൂടെച്ചെല്ലാൻ പറഞ്ഞു. എങ്ങോട്ടാണെന്ന് എനിക്കു മനസ്സിലായില്ല. ഒരു ചെറിയ പാടവും വളഞ്ഞുപുളഞ്ഞ ഒരിടവഴിയും കടന്ന് ഞങ്ങൾ അങ്ങാടിയിലെത്തി. ഏട്ടൻ ഒരു ചായപ്പീടികയിലേക്കാണ് കയറുന്നത്. “ഞാൻ കഞ്ഞി കുടിച്ചിരിക്കുന്നു ഏട്ടാ.”

“ഊം” മൂപ്പർ ഒന്നു മൂളി.

ഞാൻ പുറത്തുനിന്നു. ഏട്ടൻ ഒരു പൊതി എന്റെ കൈയിൽത്തന്നു. “ചെറിയേട്ടത്തിയുടെ കൈയിൽ കൊടുക്ക്.” എനിക്കു മനസ്സിലായി. അത് പൊരിച്ച പഴമാണ്. ഒന്നല്ല, രണ്ടെണ്ണമുണ്ട്.

അത്യുത്സാഹത്തോടുകൂടി ഞാൻ വീട്ടിലേയ്ക്കു നടന്നു. തീർച്ചയായും ഒന്നു മുഴുവൻ എനിക്കാണ് തരുക. ഒന്നുകൊണ്ടു മുത്തശ്ശിക്കും രാമകൃഷ്ണനും കൊടുക്കുകയേയുള്ളൂ.’ ഞാൻ സങ്കല്പിച്ചു. ഇന്നലത്തെ കഥ ചെറിയേട്ടത്തി അറിഞ്ഞുവെന്നും അവർ സ്വന്തം ഭർത്താവിനോട് അതെല്ലാം പറഞ്ഞിരിക്കുമെന്നും എനിക്കു തോന്നി. എനിക്ക് അല്പമൊരു നാണം അനുഭവപ്പെട്ടു.

പൂമുഖത്ത് മുത്തശ്ശി ഇരിക്കുന്നുണ്ടായിരുന്നു. മുറ്റത്തിരുന്ന് രാമകൃഷ്ണൻ ഉണ്ണിത്തണ്ടിൻ കഷണംകൊണ്ട് വണ്ടിയുണ്ടാക്കുകയാണ്. കയറിച്ചെന്നപ്പോൾത്തന്നെ മുത്തശ്ശി ചോദിച്ചു, “എന്താണ്ടാ അത്?”

“പഴം പൊരിച്ചതാണ് തോന്നുണൂ മുത്തശ്ശീ. ഏട്ടൻ വാങ്ങിത്തന്നതാണ്.”

“ഇത്തിരി ഇങ്ങു താ” അവർ കൈ നീട്ടി. അവരുടെ പല്ലില്ലാത്ത തൊണ്ണുകൾ അപ്പോഴും വെറുതെ ചവച്ചുകൊണ്ടിരുന്നു.

ഞാൻ കുഴപ്പത്തിലായി. ചെറിയേട്ടത്തിയുടെ കൈയിൽ ഈ പൊതി അങ്ങിനെത്തന്നെ കൊടുക്കാഞ്ഞാൽ പിന്നെയുണ്ടാകുന്ന കോലാഹലം ഭയങ്കരമായിരിക്കും. എനിക്ക് തരാനുള്ളതാണ് അത് എന്നുള്ളതിന് യാതൊരു തെളിവുമില്ല. പക്ഷേ, മുത്തശ്ശി ചുക്കിച്ചുളിഞ്ഞ കൈ നീട്ടുമ്പോൾ ഞാനെന്തുചെയ്യും? ഞാൻ പൊതി മുത്തശ്ശിയുടെ കൈയിൽക്കൊടുത്തു. “ചെറിയേട്ടത്തിയുടെ കൈയിൽ കൊടുക്കാനാ പറഞ്ഞത്.” മുത്തശ്ശി അതഴിക്കുന്നതിലുള്ള വിസമ്മതം ഞാനങ്ങനെ പ്രകടിപ്പിച്ചുനോക്കി. അവരത് തുറന്നു. എന്നിട്ട് വിറക്കുന്ന വിരൽകൊണ്ട് ഒന്നിന്റെ തലപ്പ് ഒരു കഷണം പൊട്ടിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും അകത്തു നിന്നൊരു ചോദ്യം. “എവടെ നെന്റെ കൈയിൽ വാങ്ങിത്തന്നത്? അതവടെ വെക്കാനേ പറഞ്ഞത്?”

ആ നാലുകെട്ട് ഒന്ന് കുലുങ്ങിയപോലെ തോന്നി. ഞാൻ വിറച്ചു. മുത്തശ്ശി വാതിൽക്കലേക്ക് ഒന്നു തിരിഞ്ഞുനോക്കി. മിക്കവാറും മുറിച്ച ആ കഷണം അങ്ങിനെത്തന്നെ വെച്ച്, പൊതി പൊതിഞ്ഞ് എന്റെ കൈയിൽത്തന്നു. “കൊണ്ടെകൊടുക്ക്.” പതുക്കെയാണ് പറഞ്ഞത്. പാവം! ലഹള കൂട്ടുന്നതിനെ അവർ എന്നേക്കാളധികം ഭയന്നിരുന്നു.

ഞാൻ ആ പലഹാരപ്പൊതി ചെറിയേട്ടത്തിയുടെ കൈയിൽ കൊടുത്തു. അവരുടെ ഭാവം ഭയങ്കരമായിരുന്നു. “വായോ!” അവർ മുൻപിൽ നടന്നു. വടക്കെ അറയിൽചെന്ന് അവർ പൊതി തുറന്നു. ആരുടെയോ കാൽപ്പെരുമാററം കേൾക്കുന്നുണ്ടെന്നു തോന്നി അവർ മുറിയുടെ വാതിൽ അടച്ചു.

മധുരമുള്ളതും വെളിച്ചെണ്ണയുടെ വറമണം കലർന്നതുമായ ഒരു പൊരിച്ച പഴമെടുത്ത് അവരെനിക്കു തന്നു. എന്റെ വായിൽ വെള്ളമൂറിയിരുന്നു. ഞാനത് സാവകാശം സസുഖം പറിച്ചുതിന്നുമ്പോൾ ചെറിയേടത്തി വാത്സല്യപൂർവം എന്റെ പുറത്ത് തലോടി. ഞാനവരുടെ മുഖത്തുനോക്കി.

ആ കണ്ണുകളിൽ നിറഞ്ഞുനിന്ന വെള്ളം രണ്ടു കവിളുകളിലൂടെയും ഒലിച്ചു. ആ ചുണ്ടിൽ അപാരമായ ഒരു സംതൃപ്തിയുടെ പുഞ്ചിരി കളിയാടി. “അപ്പു തിന്നോളൂ” അവർ പറഞ്ഞു.

“ചെറിയേട്ടത്തി ഒരു കഷണം തിന്നൂ.” ഞാൻ ഒരു കഷണം പൊട്ടിച്ചു നീട്ടി. അവർ വാങ്ങിയില്ല. “മോൻ തിന്നോളൂ. മതിയാവോളം.”

ഒന്നുതിന്നുകഴിഞ്ഞു ഞാൻ ചിറി തുടച്ചു. അവർ രണ്ടാമത്തേതും എടുത്തുതന്നു. ഞാൻ വാങ്ങിയില്ല. “എനിക്കിതുമതി.”

“പോരാ, ഇതുംകൂടി തിന്നണം.”

“രാമകൃഷ്ണന്നും മുത്തശ്ശിക്കും കൊടുക്കേണ്ടേ?” അല്പമൊരു ചഞ്ചലിപ്പോടെ ഞാൻ ചോദിച്ചു.

“ഇതാർക്കുമില്ല. ഇത് ചെറിയേടത്തി നിനക്കു വാങ്ങിയതാണ്. നീ തിന്നണം എന്റെ മുൻപിൽവെച്ചു തന്നെ തിന്നുകയും വേണം.”

അതൊരു ശാസനയായിരുന്നു. അവരുടെ സ്നേഹം തീവ്രവും ഭയങ്കരവുമാണ്. അതൊരു പകപോക്കൽ കൂടിയാണെന്ന് തോന്നി.

ഒരുപഴം തിന്നതുകൊണ്ട് എനിക്കൊന്നുമായിരുന്നില്ല. അങ്ങിനെ രുചിപിടിച്ചുവന്നിട്ടേയുള്ളൂ. അതിന്റെ മാദകമായ മണവും മാധുര്യവും വീണ്ടും വീണ്ടും നാക്കിൽ വെള്ളമുറത്തിക്കൊണ്ടിരുന്നു.

“തിന്ന്” അവർ നിർബന്ധിച്ചു.

ഉമ്മറത്തിരിക്കുന്ന മുത്തശ്ശി, വിറക്കുന്ന കൈകൊണ്ട് ആശാപൂർവം പൊട്ടിക്കാൻ തുനിഞ്ഞ ആ കഷണത്തിലേക്ക് ഞാൻ നോക്കി.

“എന്റെ മോൻ തിന്നോളൂ” ചെറിയേടത്തി ഒരിക്കലും എന്നെ ‘മോനെ’ന്നു വിളിച്ചിട്ടില്ല. ആ കൊഞ്ചുന്ന സ്നേഹത്തിൽ ഞാൻ ആകെ അലിഞ്ഞുപോയി. ആ ഓമനിക്കുന്ന സ്വരത്തോട് എതിരു പറയാൻ എനിക്കു നാവില്ല. ഞാൻ ഒരു കഷണംകൂടി പൊട്ടിച്ച് വായിലിട്ടു. ചവച്ചിറക്കുന്ന ആ പലഹാരം തൊണ്ടയിലൂടെ ഇറങ്ങിപ്പോകുമ്പോൾ എന്റെ ഞരമ്പുകൾക്ക് എന്തോ ഒരു വിശിഷ്ടാനുഭൂതി ഉണ്ടാകുന്നതായി എനിക്കു തോന്നി. വീണ്ടും ഒരു കഷണം – അണകൾ അനുസ്യൂതമായി പ്രവൃത്തിക്കുകയും എന്റെ നാവ് അറിയാതെത്തന്നെ നൊട്ടിനുണയുകയും ചെയ്തു. ഒരു കഷണം കൂടി. ഞാൻ ചെറിയേട്ടത്തിയുടെ മുഖത്തേയ്ക്കു നോക്കി. ആ ഉമ്മറത്തിരിക്കുന്ന, ഒരു കഷണം തിന്നാൻ കൊതിച്ചു കൊതിച്ചിരിക്കുന്ന, മിക്കവാറും വായിലെത്തിയതായി കുറച്ചുമുൻപ് കരുതിപ്പോവുകയും തൊടാതെ മടക്കിത്തരികയും ചെയ്ത ആ മുത്തശ്ശിക്ക് ഒരു കഷണം പോലും കൊടുക്കാതെ തിന്നാൻ എന്റെ മനസ്സു സമ്മതിച്ചില്ല. അതുപോലെത്തന്നെ പലഹാരമെന്നു പറയുമ്പോഴേയ്ക്കും ചാടിത്തുള്ളുകയും തനിക്കുള്ള പങ്ക് കിട്ടിക്കഴിഞ്ഞാൽ ഏട്ടനു കൊടുക്കാൻ ശാഠ്യം പിടിക്കുകയും ചെയ്യുന്ന ആ സ്നേഹശീലനായ കുഞ്ഞിന്നും ഒരു കഷണം കൊടുക്കാതെ ഞാനിതെങ്ങിനെ തിന്നും! ദയനീയമായി ഞാൻ ചെറിയേടത്തിയെ നോക്കി.

“തിന്ന്... വേഗം.”

“മുത്തശ്ശിക്ക്...” ഞാൻ കെഞ്ചി.

“ഊം, ഊം” അവർ നിഷേധിച്ച് തലയാട്ടി. “ഞാൻ പറഞ്ഞില്ലേ, ഇത് നിനക്ക് കൊണ്ടുവരുവിച്ചതാണ്. അത് ആർക്കും കൊടുക്കാൻ പാടില്ല. ആ പതിവ് ഇനി ഈ വീട്ടിൽ പാടില്ല. എല്ലാർക്കും കാശുണ്ട്. വേണെങ്കിൽ വാങ്ങാം; തിന്നാം. ഇത് എന്റെ മോനുവേണ്ടി വാങ്ങിയതാണ്. ഇതു മുഴുവൻ എന്റെ മോൻ തന്നെ തിന്നണം.” അവർ തന്നെ ബാക്കിയുള്ള കഷണം എന്റെ വായിലേക്ക് തിരുകി.

ഒടുവിലത്തേതായതുകൊണ്ട് കൂടുതൽ സ്വാദുള്ള ആ കഷണം അണകൾക്കിടയിൽക്കിടന്ന് അരയുമ്പോൾ എന്റെ തൊണ്ടയിൽ കണ്ണുനീർ കെട്ടിനിന്നാലെന്നപോലെ പൂനിക്ക് കടച്ചിൽ തോന്നി. കണ്ണിൽ വെള്ളവും നിറഞ്ഞു. ചെറിയേടത്തി വാതിൽ തുറന്ന് പുറത്തേക്ക് പോയി, ഒരാശ്വാസത്തിന്റെ നെടുവീർപ്പോടുകൂടി. അവരുടെ മുഖം ശാന്തമായിരുന്നു.

വാതിൽ തുറന്നപ്പോൾ രാമകൃഷ്ണൻ ഓടിവന്നു. അവൻ എന്റെ മുഖത്തു നോക്കി നിന്നു. “ഏട്ടൻ എന്താണ് തിന്നുന്നത്!” ആ കുഞ്ഞന്വേഷിച്ചു.

ഞാൻ മിണ്ടിയില്ല. എനിക്കൊന്നും മിണ്ടാൻ തോന്നിയില്ല. ഈ വിശിഷ്ടഭോജ്യം വെറും വിഷമാണെന്നവിധം എന്റെ വയറ്റിൽ കട്ടപിടിക്കുന്നതായി തോന്നി.

“ഏട്ടാ കുറച്ചെനിക്കു തരൂ.” അവൻ കുഞ്ഞികൈയും നീട്ടി നിന്നു.

എനിക്ക് കരച്ചിൽ ഒതുക്കാൻ കഴിഞ്ഞില്ല. എല്ലാ നിയന്ത്രണങ്ങളും വിട്ട് തേങ്ങൽ ഉറക്കെ ഉയർന്നു.

അമ്മ കടന്നുവന്നു ചോദിച്ചു, “എന്തേ നിനക്ക്?”

ഞാൻ അധികമധികം കരഞ്ഞു.

“അപ്പോ, എന്തേ, പറഞ്ഞൂടെ?”

വലിയ ഏട്ടത്തിയും അങ്ങോട്ടെത്തി. അവർ എന്നേയും സ്വന്തം കുഞ്ഞിനേയും മാറി മാറി നോക്കി. അവൻ അവന്റെ അമ്മയുടെ അടുത്തു ചെന്നു കരഞ്ഞു: അപ്പം, എനിക്കും അപ്പം തരൂ.”

"എന്റെ കൈയിൽ അപ്പവുമില്ല, ഒരൊലക്കയുമില്ല!" അവർ ക്രോധപൂർവം അവനെ വലിച്ചുകയററി.

കുട്ടി ശാഠ്യം പിടിച്ച് അവരുടെ മുണ്ടിൽ പിടിച്ചു.

"എന്താ, ഇപ്പോ, ഇതൊക്കെ?" അമ്മ അറിയാതെ ചോദിച്ചു.

"അതോ," ഏട്ടത്തി അലറി: "അത് പകരം വീട്ടല്! ഈ ഇത്തിരിപ്പോന്നതിനോടുള്ള പകരം വീട്ടല്. ഇത് ചാവണം; അതുതന്നെ." അവർ ആ ഇളം പൈതലിനെ ഒരിക്കൽക്കൂടി വലിച്ചുകറ്റി തുടയിൽ നല്ലൊരടി വെച്ചുകൊടുത്തു.

അയ്യോ, അയ്യോ എന്നു വിളിച്ചുകൊണ്ട് അവൻ അമ്മമ്മയെ കെട്ടിപ്പിടിച്ചു.

ഞാൻ സഹിക്കവയ്യാതെ പുറത്തേയ്ക്കു പോന്നു. വ്യസനമാണോ, അതോ തീരാത്ത ജാള്യതയോ, എന്നെ വിഴുങ്ങിക്കളഞ്ഞതെന്താണെന്നറിയില്ല. ഉമ്മറത്ത്, മുത്തശ്ശി, ഈ സ്വൈരക്കേടുകളെല്ലാം കേട്ട് ശാന്തയായി ഇരിപ്പുണ്ട്. ഞാനവരുടെ കാൽക്കൽ കുഴഞ്ഞിരുന്നു. രാമകൃഷ്ണന്റെ ഹൃദയഭേദകമായ കരച്ചിലും തേങ്ങലും കേൾക്കുന്നുണ്ട്. അകത്തെ ലഹള മൂക്കുകയാണ്. കുറച്ചുറക്കെ അവർ വിളിച്ചുപറഞ്ഞു.

"ആയായി, ഇതൊന്നും നന്നല്ല!"

ആരു കേൾക്കാൻ!